പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2484

13.02.2013 - ൽ
മറുപടിയ്ക്ക്

## വരവൂർ വ്യവസായ പാർക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; | : | (എ) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ് |
| (ബി) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | (ബി) 8 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് . ഇതിനായി 194 ലക്ഷം രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട് |
| (സി) ഭൂമി വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതിലുള്ള കാലതാമസത്തിന് കാരണങ്ങളെന്താണെന്ന് പറയുമോ; | : | (സി) നെഗോഷ്യബിൾ പർച്ചേസ് വഴിയായിരുന്നു ആദ്യം സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ വസ്തു കൈമാറി ലഭിക്കാത്ത സാഹചര്യത്തിൽ അക്വിസിഷൻ നടപടി ആരംഭിച്ചു. ഇതിനിടെ ഭൂമി ഉടമകൾ സ്ഥലം കൈമാറ്റത്തിനു സന്നദ്ധത അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിലാണ് നെഗോഷ്യബിൾ പർച്ചേസ് വഴി സ്ഥലം ഏറ്റെടുക്കാമെന്ന് ധാരണയായത്. ഇതിനായി സ്ഥലം ഉടമകളുമായി പലവട്ടം ചർച്ച ചെയ്യേണ്ടി വന്നു. |
| ഡി) നിർദ്ദിഷ്ട ഭൂമിയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | : | (ഡി) സ്ഥലം ഏറ്റെടുത്തതിനുശേഷം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) ഇല്ലെങ്കിൽ സമയബന്ധിതമായി വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | : | (ഇ) വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ